പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3344 — 29.01.2014 ലെ മറുപടിയ്ക്ക്

## കാലവർഷക്കെടുതിയും കൃഷിനാശവും കടാശ്വാസ ധനവിതരണവും

ചോദ്യം — മറുപടി

ശ്രീ. കെ. ദാസൻ

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിലും മറ്റ് പ്രകൃതിക്ഷോഭത്തിലും കർഷകർക്ക് വന്നുചേർന്നിട്ടുള്ള വിളനാശത്തെ സംബന്ധിച്ച് / വസ്തുനഷ്ടത്തെ സംബന്ധിച്ച് സ്ഥിതിവിവര കണക്ക് സർക്കാരിൽ ലഭ്യമാണോ; എങ്കിൽ അത് വർഷം തിരിച്ച്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) ലഭ്യമാണ്. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം സംബന്ധിച്ച ജില്ല തിരിച്ചും വർഷം തിരിച്ചുമുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) എത്ര കർഷകർക്കാണ് കൃഷിനാശം / വിളനഷ്ടം സംഭവിച്ചത്; എണ്ണം ജില്ല തിരിച്ചും നിയോജക മണ്ഡലം തിരിച്ചും വ്യക്തമാക്കാമോ;

(ബി) 2,63,927 കർഷകർക്ക് കൃഷി നാശം സംഭവിച്ചിട്ടുണ്ട്. കൃഷി നാശം സംഭവിച്ച കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം II(എ) ആയും നിയോജകമണ്ഡലം തിരിച്ചുള്ള എണ്ണം അനുബന്ധം II(ബി) ആയും ചേർത്തിട്ടുണ്ട്.

(സി) വിളനാശവും കൃഷിനാശവും സംഭവിച്ച കർഷകർക്ക് കടാശ്വാസമായി എത്ര രൂപ ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) വിളനാശവും കൃഷി നാശവും സംഭവിച്ച കർഷകർക്ക് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്നതനുസരിച്ച് അനുവദിച്ച കടാശ്വാസ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപ) |
|---|---|
| 2008-09 | 22,17,22,598 |
| 2009-10 | 16,00,21,997 |
| 2010-11 | 24,28,07,780 |
| 2011-12 | 22,17,10,414 |
| 2012-13 | 21,74,00,000 |
| 2013-14 (8.11.2013 വരെ) | 11,68,76,623 |
| ആകെ | 118,05,39,412 |

(ഡി) മുൻസർക്കാരിന്റെ കാലത്ത് എത്ര ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച കടാശ്വാസ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപ) |
|---|---|
| 2008-09 | 22,17,22,598 |
| 2009-10 | 16,00,21,997 |
| 2010-11 | 24,28,07,780 |
| ആകെ | 62,45,52,375 |

(ഇ) ഈ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി എത്ര കർഷകരിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച്, വർഷം തിരിച്ച് വിശദമാക്കാമോ;

(എഫ്) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം പരിഗണിച്ചു; എത്ര പേർക്ക് കടാശ്വാസം നൽകി; എത്ര പേരുടെ അപേക്ഷ ഇനി തീർപ്പാക്കാനുണ്ട്;

(ഇ) & (എഫ്) 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20.02.2009 ലെ സ.ഉ.(എം.എസ്.)നം.37/2009/കൃഷി ഉത്തരവ് പ്രകാരം 2009 മെയ് 31 ആയി നിശ്ചയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചിട്ടില്ല.

എന്നാൽ 01.01.12 ലെ ജി.ഒ.(പി)നം.370/2012/ആർഡി ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷിക കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. അതനുസരിച്ച്, നാളിതുവരെ 20,000 അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. 31.05.2009 ന് മുമ്പ് വയനാട് ജില്ലയിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കുന്ന മുറയ്ക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ജി) കൃഷിനഷ്ടം പരിഹരിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുകയുടെ സഹായത്തിനായി കേന്ദ്രത്തിൽ അപേക്ഷ നൽകി; കേന്ദ്രം എത്ര തുക അനുവദിച്ചു; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ജി) ഓരോ വർഷവും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടം സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

| വർഷം | കാർഷിക മേഖലയിലുണ്ടായ നഷ്ടം (കോടി രൂപ) | ആകെ നഷ്ടം (കോടി രൂപ) |
|---|---|---|
| 2011-12 | 59.8709 | 2420.3945 |
| 2012-13 | 46.2644329 | 76.19889 |
| 2013-14 | 298 | 887.8596614 |

മഴക്കെടുതികൾ മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള

കേന്ദ്ര ധനസഹായമായി 2011-12 സാമ്പത്തിക വർഷം 109.69 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 15.96 കോടി രൂപയും ലഭ്യമായിട്ടുണ്ട്. എല്ലാ മേഖലയിലുമുള്ള നാശനഷ്ടങ്ങൾക്ക് കൂടി പൊതുവായിട്ടാണ് ടി തുക അനുവദിച്ചിട്ടുള്ളത്. 2013-14 സാമ്പത്തിക വർഷം കേന്ദ്ര ധനസഹായം ഇതുവരെയും ലഭ്യമായിട്ടില്ല.

| | | |
|---|---|---|
| (എച്ച്) | ആവശ്യപ്പെട്ടത്രയും തുക അനുവദിച്ചു കിട്ടിയോ; ഇല്ലെങ്കിൽ അത് അനുവദിച്ചു കിട്ടാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (എച്ച്) ഇല്ല. സംസ്ഥാന സർക്കാർ നൽകുന്ന മെമ്മോറാണ്ടം പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായം അനുവദിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്